2024 AUGUST
24
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## അനിൽ അംബാനിക്ക് 25 കോടി പിഴ ചുമത്തി സെബി; ഓഹരി വിപണിയിൽ 5 വർഷം വിലക്ക്



**മുംബൈ:** റിലയൻസ് ഹോം ഫിനാൻസിലെ പണം വക മാറ്റി ചെലവഴിച്ചതിൻറെ പേരിൽ വ്യവസായി അനിൽ അംബാനിക്ക് 25 കോടി രൂപ പിഴയും 5 വർഷത്തേക്ക് ഓഹരി വിപണിയിൽ വിലക്കും ഏർപ്പെടുത്തി സെബി. റിലയൻസ് ഹോം ഫിനാൻസിൻറെ തലപ്പത്തുണ്ടായിരുന്ന മുൻ ഉദ്യോഗസ്ഥർക്കും 24 സ്ഥാപനങ്ങൾക്കുമെതിരേ നടപടിയുണ്ടാകും. ഫിനാൻസിൽ നിന്ന് വായ്പയെന്ന മട്ടിൽ വ്യാജമായി പണം സ്വന്തമാക്കാൻ ശ്രമിച്ചുവെന്നാണ് സെബി കണ്ടെത്തിയിരിക്കുന്നത്. ഫിനാൻസിൻറെ ഉന്നത ഉദ്യോഗസ്ഥരായിരുന്ന അമിത് ബപ്ന, രവീന്ദ്ര സുധൽക്കർ, പിങ്കേഷ് ആർ ഷാ, എന്നിവരുൾപ്പെടെ 24 പേർക്കും വിലക്കുണ്ട്.

അമിതിന് 27 കോടി രൂപയും രവീന്ദ്ര സുധൽക്കറിന് 26 കോടി രൂപയും പിങ്കേഷ് ആർ ഷായ്ക്ക് 21 കോടി രൂപയും പിഴ ചുമത്തിയിട്ടുമുണ്ട്. അനധികൃത ഇടപാടുകൾ ശ്രദ്ധയിൽ പെട്ടതിനെത്തുടർന്ന് 2022 ഫെബ്രുവരിയിൽ ആർഎച്ച് എഫ് എൽ , അനിൽ അംബാനി, അമിത് ബപ്ന, രവീന്ദ്ര സുധാൽകർ, പിങ്കേഷ് എന്നിവർ വിപണിയിൽ ഇടപെടരുതെന്ന് സെബി ഇടക്കാല ഉത്തരവ് ഇറക്കിയിരുന്നു.

സെബി നടപടിയെടുത്ത സാഹചര്യത്തിൽ വിപണിയിൽ ലിസ്റ്റ് ചെയ്ത കമ്പനികളുടെ ഉന്നത സ്ഥാനങ്ങൾ വഹിക്കാൻ അനിൽ അംബാനിക്ക് ആകില്ല. റിലയൻസ് ഹോം ഫിനാൻസിന് 6 മാസം വിലക്കും 6 ലക്ഷം രൂപ പിഴയും ചുമത്തിയിട്ടുണ്ട്.

## ഓസ്ട്രിയയിലേക്ക് നോർക്ക വഴി നഴ്സിങ് റിക്രൂട്ട്മെൻറ്

**തിരുവനന്തപുരം:** കേരളത്തിൽ നിന്ന് ഓസ്ട്രിയയിലേക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യും. യൂറോപ്യൻ തൊഴിൽ സാധ്യതകൾ അന്വേഷിക്കുന്ന മലയാളി നഴ്സുമാർക്ക് പ്രതീക്ഷ പകരുന്ന പൈലറ്റ് പ്രോജക്റ്റിൽ നോർക്ക റൂട്ട്സ് വഴിയായിരിക്കും റിക്രൂട്ട്മെൻറ്. ഓസ്ട്രിയൻ പ്രതിനിധി സംഘവുമായി നോർക്ക റൂട്ട്സ് സിഇഒ അജിത് കോളശ്ശേരിയുടെ നേതൃത്വത്തിലുള്ള സംഘവുമായി നടത്തിയ ചർച്ചയിലാണ് ധാരണയായത്.

പ്രതിവർഷം 7000 മുതൽ 9000 നഴ്സിങ് പ്രൊഫഷണലുകൾക്കാണ് നിലവിൽ ഓസ്ട്രിയയിൽ അവസരമുള്ളത്. കെയർ ഹോം, ഹോസ്പിറ്റലുകൾ, വയോജനപരിപാലനത്തിനായുള്ള പ്രൈവറ്റ് ഹോം എന്നിവിടങ്ങളിലായിരിക്കും അവസരങ്ങൾ. കേരളത്തിൽ നിന്നുള്ള നഴ്സുമാർ നൈപുണ്യ മികവുള്ളവരാണെന്നാണ് ഓസ്ട്രിയൻ പ്രതിനിധികളുടെ വിലയിരുത്തൽ.

ട്രിപ്പിൾ വിൻ എന്ന പേരിൽ ജർമനിയിലേക്ക് നേരത്തെ തന്നെ കേരളത്തിൽ നിന്ന് നഴ്സിങ് റിക്രൂട്ട്മെൻറ് ആരംഭിച്ചിരുന്നു. ഇതേ മാതൃകയിലുള്ള സാധ്യതകളാണ് ഓസ്ട്രിയയിലേക്കുള്ള റിക്രൂട്ട്മെൻറിനും പരിഗണിക്കുന്നത്.

## യോഗ്യതയില്ലാത്ത പൈലറ്റുമാരെവച്ച് സർവീസ് നടത്തി; എയർ ഇന്ത്യയ്ക്ക് 90 ലക്ഷം രൂപ പിഴ




**ന്യൂഡൽഹി:** യോഗ്യതയില്ലാത്ത പൈലറ്റുമാരെ ഉപയോഗിച്ച് സർവീസ് നടത്തിയതിന് എയർ ഇന്ത്യയ്ക്ക് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ 90 ലക്ഷം രൂപ പിഴ ചുമത്തി.

എയർ ഇന്ത്യയുടെ ഓപ്പറേഷൻസ് ഡയറക്ടർ പങ്കുൽ മാത്തൂർ ആറുലക്ഷം രൂപയും ട്രെയിനിംഗ് ഡയറക്ടർ മനീഷ് വാസവദ മൂന്നു ലക്ഷം രൂപയും പിഴ അടയ്ക്കണം. നോൺ ട്രെയ്നർ ലൈൻ ക്യാപ്റ്റനെ ഉപയോഗിച്ച് സർവീസ് നടത്തിയത് വലിയ സുരക്ഷാ വീഴ്ചയാണെന്ന് ഡിജിസിഎ ഇറക്കിയ പ്രസ്താവനയിൽ പറയുന്നു.

ജൂലൈ പത്തിനായിരുന്നു സംഭവം. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പൈലറ്റുമാർക്ക് മുന്നറിയിപ്പ് നൽകിയതായി ഡിജിസിഎ അറിയിച്ചു.

## നേപ്പാളിൽ ബസ് നദിയിലേക്ക് മറിഞ്ഞു; ഇന്ത്യൻ സംഘത്തിലെ 27 പേർക്ക് ദാരുണാന്ത്യം



**കഠ്മണ്ഡു:** മഹാരാഷ്ട്രയിൽ നിന്നുള്ള സന്ദർശകർ സഞ്ചരിച്ച ബസ് നേപ്പാളിൽ നദിയിൽ വീണ് 27 പേർ മരിച്ചു. 16 പേർക്ക് പരുക്കേറ്റു. തൻഹൻ ജില്ലയിൽ ദേശീയ പാതയിലെ ആയിന പഹാറയിൽ വച്ച് 150 അടി ഉയരെ നിന്ന് കുത്തൊഴുക്കുള്ള മാർഷിന്ദി നദിയിലേക്കാണ് ബസ് മറിഞ്ഞത്.

ഉത്തർപ്രദേശിലെ ഗോരഖ്പുരിൽ നിന്ന് കഠ്മണ്ഡുവിലെത്തിയശേഷം പൊക്കാറ നഗരത്തിലെ റിസോർട്ടിലേക്ക് പോകുകയായിരുന്നു സഞ്ചാരികൾ. 43 പേരാണ് ബസിലുണ്ടായിരുന്നത്. 27 പേരുടെയും മൃതദേഹം കണ്ടെടുത്തു.

മഹാരാഷ്ട്രയിലെ ജൽഗോൺ ജില്ലയിൽ നിന്നുള്ള 104 അംഗ സംഘം 3 ബസുകളിലാണ് സഞ്ചരിച്ചിരുന്നത്. ഇതിൽ ഒരു ബസ് ആണ് അപകടത്തിൽ പെട്ടത്.

യുപി സർക്കാർ രക്ഷാപ്രവർത്തകരെ അയച്ചു. കഠ്മണ്ഡുവിൽ നിന് 120 കിലോമീറ്റർ അകലെയാണ് അപകടസ്ഥലം.

## അന്താരാഷ്ട്ര റോമിംഗ് പ്ലാനുകൾ അവതരിപ്പിച്ച് ജിയോ




**കൊച്ചി:** യുഎഇ, കാനഡ, തായ്‌ലൻഡ്, സൗദി അറേബ്യ പോലുള്ള പ്രിയപ്പെട്ട അന്താരാഷ്ട്ര ഡെസ്റ്റിനേഷനുകളെ ലക്ഷ്യമിട്ട് പ്രത്യേക റോമിംഗ് പ്ലാനുകൾ അവതരിപ്പിച്ച് റിലയൻസ് ജിയോ. നിരവധി ആനുകൂല്യങ്ങളും ഫീച്ചറുകളും ഉൾപ്പെട്ടതാണ് പുതിയ പ്ലാനുകളെന്ന് ജിയോ അധികൃതർ വ്യക്തമാക്കി.ഇൻകമിംഗ് എസ്എംഎസുകൾ പരിധിയില്ലാതെ യുഎഇയിലേക്കുള്ള പുതിയ പ്ലാനിൽ ലഭിക്കും. 898 രൂപ, 1598 രൂപ, 2998 രൂപ നിരക്കുകളിലാണ് യുഎഇ പാക്കുകൾ ലഭ്യമാകുന്നത്. രാജ്യങ്ങളെ കേന്ദ്രീകരിച്ചുള്ള പുതിയ പ്ലാനുകളിൽ കരീബിയൻ മേഖലയിലെ 24 രാജ്യങ്ങൾ ഉൾപ്പെടുന്നു. സൗജന്യമായി പരിധിയില്ലാത്ത ഇൻകമിംഗ് എസ്എംഎസുകൾ ഈ പ്ലാനിലും ലഭിക്കും. ഔട്ട്ഗോയിംഗ് കോളുകളിൽ രാജ്യത്തിനകത്തുള്ള ലോക്കൽ കോളുകളും ഇന്ത്യയിലേക്ക് തിരിച്ചുള്ള കോളുകളും ഉൾപ്പെടും. ഏത് രാജ്യത്തുനിന്നും വൈഫൈ കോളുകൾ ഉൾപ്പടെ ഇൻകമിംഗ് കോളുകൾ സ്വീകരിക്കാം. 3851 രൂപയുടെ പ്ലാനെടുത്താൽ അധിക ഇൻഫ്ളൈറ്റ് ആനുകൂല്യങ്ങളും ലഭ്യമാകും. 1671 രൂപ, 3851 രൂപ നിരക്കുകളിലാണ് കരിബിയൻ പ്ലാനുകൾ ലഭ്യമാകുക. യൂറോപ്പിലെ 32 രാജ്യങ്ങളിലേക്കുള്ളതാണ് മൂന്നാമത്തെ അന്താരാഷ്ട്ര പ്ലാൻ. ഇതിലും അൺലിമിറ്റഡ് എസ്എംഎസ് ലഭിക്കും. 2899 രൂപയുടെ യൂറോപ്പ് പ്ലാനിന്റെ കൂടെ അധിക ഇൻഫ്ളൈറ്റ് ആനുകൂല്യങ്ങൾ ലഭ്യമാകും. ഔട്ട്ഗോയിംഗ് കോളുകളിൽ രാജ്യത്തിനകത്തുള്ള കോളുകൾ ഇന്ത്യയിലേക്കുള്ള കോൾബാക്കും ഉൾപ്പെടും. ഏത് രാജ്യത്തുനിന്നും ഇൻകമിംഗ് കോളുകൾ സ്വീകരിക്കാം. ക്വാട്ട കഴിഞ്ഞും പരിധിയില്ലാതെ 64 കെബിപിഎസ് വേഗതയിൽ ഡാറ്റ ലഭ്യമാകുകയും ചെയ്യും. 2899 രൂപ നിരക്കിലാണ് യൂറോപ് പ്ലാൻ ലഭ്യമാകുക. 1551 രൂപ, 2851 രൂപ നിരക്കുകലിൽ തായ്‌ലൻഡ് പ്ലാനും, 1691 രൂപ, 2881 രൂപ നിരക്കിൽ കാനഡ പ്ലാനും, 898 രൂപ, 1291 രൂപ, 2891 രൂപ നിരക്കിൽ സൗദി അറേബ്യ പ്ലാനുകളും ലഭ്യമാണെന്നും ജിയോ അധികൃതർ വ്യക്തമാക്കി.

അഡ്മിഷൻ തുടരുന്നു...

2024–2025
Integrated MBA MCA (5 years)
Qualification: Plus Two
OTHER COURSES:
B.Sc. Food Technology
B.Sc. Microbiology
B.Sc. Cyber Forensic
B.Sc. Apparel and Fashion Technology
B.A. Animation
KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

സൊസൈറ്റി ടുഡേ
SOCIETY TODAY



വിശ്വഹിന്ദു പരിഷത്ത് ഷഷ്ഠിപൂർത്തി ആഘോഷ സമ്മേളനത്തിൽ വി എച്ച് പി സംസ്ഥാന പ്രസിഡന്റ് വി ജി തമ്പി സംസാരിക്കുന്നു. സ്വാമി ചിദാനന്ദപുരി, സ്വാമി വിവിക്താനന്ദ സരസ്വതി, സ്വാമി സദ് സ്വരൂപാനന്ദ സരസ്വതി, സ്ഥാണുമാലയൻ, നാഗരാജ്, വെങ്കിടേഷ്, കേശവരാജു, വി.ആർ. രാജശേഖരൻ തുടങ്ങിയവർ സമീപം

# സംവരണ നയങ്ങളിൽ വെള്ളം ചേർത്ത നടപടി തിരുത്തണം : വിശ്വ ഹിന്ദു പരിഷത്ത്

**കൊച്ചി:** സംവരണം മതങ്ങൾക്കല്ല നൽകേണ്ടതെന്നും രാഷ്ട്രീയ ലാഭത്തിനുവേണ്ടി ഭരണഘടന അനുശാസിക്കുന്ന സംവരണ നയങ്ങളിൽ വെള്ളം ചേർത്ത നടപടി അംഗീകരിക്കാൻ കഴിയില്ലെന്നും വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന വാർഷിക യോഗം പ്രമേയത്തിലൂടെ കേന്ദ്രസംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടു. സംവരണം ഹിന്ദു മതത്തിലെ പിന്നാക്ക ജാതി വിഭാഗങ്ങൾക്ക് തന്നെ നിലനിർത്താനുള്ള നടപടികൾ തുടരണം. മുസ്ലിം, പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങളിലുള്ളവർക്ക് സംവരണം നൽകുന്ന നടപടി അടയന്തിരമായി അവസാനിപ്പിക്കണം. അംബേദ്കറുടെ നേതൃത്വത്തിൽ രൂപം കൊടുത്ത ഭാരതത്തിന്റെ ഭരണഘടന തത്വങ്ങൾക്ക് ഈ നയം എതിരാണ്. ഇനിയും ഇത്തരത്തിലുള്ള മതപരമായ സംവരണ ആനുകൂല്യങ്ങൾ തുടരരുതെന്നും യോഗം ആവശ്യപ്പെട്ടു. ന്യൂനപക്ഷ വിഭാഗങ്ങൾ അവരുടെ രാഷ്ട്രീയ സമ്മർദ്ധം കൊണ്ട് അനർഹമായ സംവരണ ആനുകൂല്യങ്ങൾ നേടിയെടുക്കുന്ന പ്രവണതയാണ് നിലവിലുള്ളത്. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ അവസാനിപ്പിച്ച് ഹൈന്ദവ വിഭാഗത്തിലെ പിന്നാക്ക വിഭാഗങ്ങൾക്ക് ഭരണഘടനാനുസൃതമായ സംവരണം ഉറപ്പുവരുത്തി അവരെ ശാക്തീകരിക്കാനുള്ള നടപടികൾക്ക് കേന്ദ്രസംസ്ഥാന സർക്കാരുകൾ തയ്യാറാകണമെന്നും യോഗം ആവശ്യപ്പെട്ടു. ബംഗ്ലാദേശിലെ ഹൈന്ദവ സമൂഹം നേരിടുന്ന പീഢനങ്ങൾക്ക് ശാശ്വതമായ അവസാനവും പരിഹാരവും ഉടൻ കണ്ടെത്താൻ ലോകരാഷ്ട്രങ്ങളും ഐക്യരാഷ്ട്ര സംഘടനയും നടപടികൾ സ്വീകരിക്കണമെന്നും പ്രമേയത്തിലൂടെ യാഗം ആവശ്യപ്പെട്ടു.നാമജപ ഘോഷയാത്രയോടു കൂടിയാണ് സമ്മേളനത്തിന് തുടക്കമായത് തുടർന്നു ഗുരുവായൂർ മുനിസിപ്പൽ ടൗൺഹാളിൽ നടന്ന വിശ്വ ഹിന്ദു പരിഷത്ത് ഷഷ്ടിപൂർത്തി സമ്മേളനം സ്വാമി ചിദാനന്ദപുരി ഉദ്ഘാടനം ചെയ്തു. സ്വാമി വിവിക്താനന്ദ സരസ്വതി,സ്വാമി സദ് സ്വരൂപാനന്ദ സരസ്വതി തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. വിശ്വ ഹിന്ദു പരിഷത്ത് ദേശീയ ജോയിന്റ് ജനറൽ സെക്രട്ടറി സ്ഥാണുമാലയൻ, ദേശീയ ജോയിന്റ് സെക്രട്ടറിമാരായ നാഗരാജ് , വെങ്കിടേഷ് ,ക്ഷേത്രീയ സംഘടന സെക്രട്ടറി കേശവരാജു, സംസ്ഥാന പ്രസിഡണ്ട് വിജി തമ്പി, സംസ്ഥാന ജനറൽ സെക്രട്ടറി വി ആർ രാജശേഖരൻ തുടങ്ങിയവർ സംസാരിച്ചു.വിവിധ ജില്ലകളിൽ നിന്നുള്ള അഞ്ഞൂറോളം പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു

# നൈപുണ്യ ശേഷി തിരിച്ചറിയുന്നത് റോബോട്ടിക് സ്റ്റാർട്ടപ് മേഖലയുടെ വെല്ലുവിളി

**കൊച്ചി:** മികച്ച നൈപുണ്യ ശേഷിയുള്ളവരെ തിരിച്ചറിയുന്നതും ഉപഭോക്താക്കളെ ബോധവത്കരിക്കുന്നതുമാണ് റോബോട്ടിക് സ്റ്റാർട്ടപ് മേഖല പ്രാഥമിക ഘട്ടത്തിൽ നേരിടുന്ന വെല്ലുവിളികളെന്ന് വിദഗ്ധർ. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപ്പറേഷൻ (കെഎസ്ഐഡിസി) ബോൾഗാട്ടി ഗ്രാൻറ് ഹയാത്തിൽ സംഘടിപ്പിച്ച റോബോട്ടിക്സ് റൗണ്ട് ടേബിൾ സമ്മേളനത്തിലെ 'ഇന്നൊവേറ്റിങ് ഫ്യൂച്ചർകേരളത്തിലെ റോബോട്ടിക്സ് മേഖലയിലെ മാർഗദർശികളും മുന്നോട്ടുവയ്ക്കുന്ന അത്യാധുനിക പരിഹാരങ്ങളും' എന്ന സെഷനിലാണ് ഈ അഭിപ്രായമുയർന്നത്.

ഉത്പന്നത്തെക്കുറിച്ച് ഉപഭോക്താവിന് കൃത്യമായ അവബോധം നൽകുന്നതും റോബോട്ടിക് സ്റ്റാർട്ടപ് മേഖലയിൽ പുതുതായി വരുന്നവർക്ക് സാങ്കേതിക പ്രവർത്തനങ്ങളെ മികവുറ്റ രീതിയിൽ പരിചയപ്പെടുത്തുന്നതും പ്രധാനമാണെന്ന് അസിമോവ് റോബോട്ടിക്സ് സിഇഒ ജയകൃഷ്ണൻ ടി പറഞ്ഞു. റോബോട്ടിക് സ്റ്റാർട്ടപ്പുകളുടെ രൂപകൽപ്പന മുതൽ ഉപഭോക്താക്കളിൽ എത്തിക്കുന്നതുവരെ നിരവധി ഘട്ടങ്ങളിലെ പ്രതി





ബന്ധങ്ങളുണ്ടെന്ന് ശാസ്ത്ര റോബോട്ടിക്സ് സഹ സ്ഥാപകൻ അഖിൽ അശോകൻ അഭിപ്രായപ്പെട്ടു. ഗ്രിഡ്ബോട്ട് ടെക്നോളജീസ് സിടിഒ പു കിത് ഗൗർ, ഐ റൗവ് സിഇഒയും സ്ഥാപകനുമായ ജോൺസ് ടി മത്തായി എന്നിവരും വിഷയത്തെക്കുറിച്ച് സംസാരിച്ചു. കേരള സ്റ്റാർട്ടപ് മിഷൻ സിഇഒ അനൂപ് അംബിക സെഷനിൽ മോഡറേറ്ററായിരുന്നു.എല്ലാ മേഖലകളിലെയും യന്ത്രവത്കരണത്തിനും അപ്പുറത്തേക്ക് വ്യാപിച്ച് ദൈനംദിന ജീവിതത്തിൽ റോബോട്ടുകൾ വിപ്ലവം സൃഷ്ടിക്കുമെന്ന് റോബോട്ടിക് സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിയ അർമഡ എഐ വൈസ് പ്രസിഡൻറ് പ്രാഗ് മിശ്ര പറഞ്ഞു. ദൈനംദിന ജീവിതത്തിലെ വിവിധ സേവനങ്ങൾ ന കുന്ന റോബോട്ടുകളുടെ നിർമ്മാണവും അവയുടെ പ്രവർത്തനസ്വാതന്ത്ര്യവും വിശ്വാസ്യതയ്ക്കും ഫലപ്രാപ്തിക്കും അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.റോബോട്ടുകളുടെ അഞ്ച് ബിസിനസ് മോഡലുകൾ റാസ് (റോബോട്ട് ആസ് സർവീസ്), റയാസ് (റോബോട്ടിക് ഇൻസൈറ്റ്സ് ആസ് എ സർവീസ്), ആർടിആസ് (റോബോട്ടിക് ടാസ്ക് ട്രെയിനിംഗ് ആസ് എ സർവീസ്), മാസ് (റോബോട്ടിക് കണ്ടീഷൻ മോണിറ്ററിംഗ് ആസ് എ സർവീസ്), എച്ച്ആർആസ് (ഹ്യുമൻ റെസ്കില്ലിംഗ് ആസ് എ സർവീസ്) എന്നിവയാണെന്ന് ആക്സെഞ്ചർ ഇൻഡസ്ട്രിയ എഐ എംഡി ഡെറിക് ജോസ് പറഞ്ഞു. വാഹന സെൻസർ ഡാറ്റ വിശകലനം ചെയ്യുന്നതിനും റൂട്ടുകൾ തിരിച്ചറിയുന്നതിനും സുരക്ഷ മെച്ചപ്പെടുത്തുന്നതിനും വാഹന കമ്പനികൾ റയാസ് ഉപയോഗിക്കുന്നുണ്ട്. വെയർഹൗസ്, ഹെൽത്ത് കെയർ, കാർഷിക മേഖലകളിലും റയാസ് പ്രയോജനപ്പെടുത്തുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.





അനു വർക്കി, ലിസിയാമ്മ സണ്ണി, ഷഹീന റാഫി

# സാൻഡൽവുഡ് ഗ്രൂപ്പ് ഫാമിംഗ് : ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** സാൻഡൽവുഡ് ഗ്രൂപ്പ് ഫാമിംഗ് വെൽഫെയർ അസ്സോസിയേഷൻ പ്രസിഡന്റായി അനു വർക്കി, സെക്രട്ടറിയായി ലിസിയാമ്മ സണ്ണി, ട്രഷറർ ആയി ഷഹീന റാഫി എന്നിവരെ തിരഞ്ഞെടുത്തു. വനം വകുപ്പിന്റെയും സംസ്ഥാന സർക്കാരിന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി സ്വകാര്യ ഭൂമിയിൽ ചന്ദനകൃഷി ചെയ്യുന്ന കർഷകരുടെ ക്ഷേമത്തിനായി കാക്കനാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സംഘടനയാണ് സാൻഡൽവുഡ് ഗ്രൂപ്പ് ഫാമിംഗ് വെൽഫെയർ അസ്സോസിയേഷൻ. അസ്സോസിയേഷന്റെ ഉടമസ്ഥതയിൽ വയനാട്ടിലെ മുള്ളംകൊല്ലി പാടിച്ചിറിയിൽ മൂന്നര ഏക്കർ സ്ഥലത്ത് ആയിരത്തിൽ പരം ചന്ദന തൈകൾ കൃഷിചെയ്തിട്ടുണ്ട്.

# ആലുവ താലൂക്ക് വികസന സെമിനാർ സംഘടിപ്പിക്കുന്നു

**ആലുവ :**ആലുവ താലൂക്ക് റെസിഡന്റ്സ് അസോസിയേഷൻസ് അപെക്സ് കൗൺസിലിന്റെ (അട്രാക്) നേതൃത്വത്തിൽ ആലുവ താലൂക്ക് വികസന സെമിനാർ നടത്തുന്നു. ആഗസ്റ്റ് 25 ന് ഉച്ചകഴിഞ്ഞ് 2.30 ന് ആലുവ കാർഷിക വികസന ബാങ്ക് ഹാളിൽ നടക്കുന്ന സെമിനാർ ചാലക്കുടി എം പി ബെന്നി ബഹന്നാൻ ഉദ്ഘാടനം ചെയ്യും. അറ്റ്റാക് താലൂക്ക് പ്രസിഡന്റ് അഡ്വ കെ എം ജമാലുദ്ദീന്റെ അധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ ജെബി മേത്തർ എം പി മുഖ്യാതിഥി ആയിരിക്കും. ഗതാഗത പരിഷ്കരണം, പെരിയാറും കൈവഴികളും ടൂറിസം വികസനം മുതലായ വിഷയങ്ങൾ ഉൾകൊള്ളുന്ന താലൂക്ക് വികസനരേഖ എ എം അശോകൻ അവതരിപ്പിക്കും ആലുവ എം എൽ എ അൻവർ സാദത്ത്, അങ്കമാലി എം എൽ എ റോജി എം ജോൺ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, ആലുവ മുനിസിപ്പൽ ചെയർമാൻ എം ഒ ജോൺ ഡോ ടോണി ഫെർണാണ്ടസ്, ഡോ സി എം ഹൈദരാലി,എം എൻ സത്യദേവൻ, കെ ജയപ്രകാശ്, ബാബു കെ വർഗീസ്, എം സുരേഷ്, വി എസ് സതീശൻ എന്നിവർ സംസാരിക്കും

# ബജാജ് അലയൻസ് ലൈഫ് ഇൻഷുറൻസ്: 97 കോടി അറ്റാദായം

**കൊച്ചി:** ഇന്ത്യയിലെ മുൻനിര സ്വകാര്യ ലൈഫ് ഇൻഷുറൻസ് കമ്പനികളിലൊന്നായ ബജാജ് അലയൻസ് ലൈഫ് ഇൻഷുറൻസ് 2025 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിൽ എല്ലാ വിതരണ ശൃംഖലകളിലും ശക്തമായ വളർച്ചയോടെ 97 കോടി രൂപയുടെ അറ്റാദായം നേടി. പുതിയ ബിസിനസ് മൂല്യം (എൻബിവി) 2024 സാമ്പത്തിക വർഷം ഇതേ കാലയളവിലെ 94 കോടി രൂപയെ അപേക്ഷിച്ച് 11 ശതമാനം വർധനയോടെ 104 കോടി രൂപയായി.കമ്പനിയുടെ പുതിയ വ്യക്തി?ഗത ഇൻഷുറൻസ് പ്രീമിയത്തിൽ നിന്നുള്ള വരുമാനം മുൻ വർഷം ഒന്നാം പാദത്തിൽ 1,028 കോടി രൂപയായിരുന്നത് 1,294 കോടി രൂപയായി. 26 ശതമാനമാണ് വർധന. ഒന്നാം പാദത്തിൽ പോളിസികളിൽ നിന്നുള്ള മൊത്ത പ്രീമിയം (ജിഡബ്ല്യു പി) 24 ശതമാനം വളർച്ച രേഖപ്പെടുത്തി 5,018 കോടി രൂപയായി. മുൻ വർഷം ഒന്നാം പാദത്തിലിത് 4,058 കോടി രൂപയായിരുന്നു. കമ്പനി കൈകാര്യം ചെയ്യുന്ന ആകെ ആസ്തി മൂല്യം (എയുഎം) 23 ശതമാനം വളർച്ചയോടെ 116,966 കോടി രൂപയുമായി.ആഭ്യന്തര ഉപയോക്താക്കൾ മാത്രമല്ല എൻആർഐ ഉപയോക്താക്കളും കമ്പനിയിലൂടെ മികച്ച നേട്ടം കൈവരിക്കുന്നുണ്ടെന്ന് ബജാജ്അലയൻസ് ലൈഫ് എംഡിയും സിഇഒയുമായ തരുൺ ചുഗ് പറഞ്ഞു.

# കിറ്റ്സിൽ സീറ്റ് ഒഴിവ്

**കൊച്ചി:** സംസ്ഥാന ടൂറിസം വകുപ്പിന്റെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കിറ്റ്സിൽ പി.ജി ഡിപ്ലോമ ഇൻ ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, പി.ജി ഡിപ്ലോമ ഇൻ പബ്ലിക് റിലേഷൻസ് ഇൻ ടൂറിസം എന്നീ കോഴ്സുകളിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് അപേക്ഷിക്കാം. അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് അസിസ്റ്റൻസ് നൽകും. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 31. കൂടുതൽ വിവരങ്ങൾക്ക്0471 2329468, 2339178, 2329539

സൊസൈറ്റി ടുഡേ
SOCIETY TODAY




# കേരളത്തിലെ റോബോട്ടിക് മേഖല തൊഴിൽദാതാക്കളായി: മന്ത്രി പി. രാജീവ്

**കൊച്ചി:** ലോകമെമ്പാടും റോബോട്ടിക്സിൻറെ കടന്നു കയറ്റത്തോടെ തൊഴിൽനഷ്ടത്തെക്കുറിച്ച് ആവലാതിപ്പെടുമ്പോൾ കേരളത്തിലെ റോബോട്ടിക് മേഖല തൊഴിൽദാതാക്കളാവുകയാണെന്ന് വ്യവസായമന്ത്രി പി. രാജീവ് പറഞ്ഞു. കൊച്ചിയിൽ കെഎസ്ഐഡിസി സംഘടിപ്പിക്കുന്ന റോബോട്ടിക്സ് റൗണ്ട് ടേബിൾ ഏകദിനസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥയ്ക്കാണ് പുതിയ വ്യവസായ നയം പ്രാധാന്യം നൽകുന്നതെന്ന് മന്ത്രി പറഞ്ഞു. ഈ മേഖലയിലേക്കുള്ള നിക്ഷേപസാധ്യത കൂട്ടുകയെന്നതാണ് ഉദ്ദേശ്യം. നൂതനസാങ്കേതികവിദ്യയിൽ പ്രോത്സാഹനം നൽകാനുള്ള സർക്കാരിൻറെ ശ്രമങ്ങളുടെ ഫലമാണ് മികച്ച വിജയം നേടിക്കൊണ്ടിരിക്കുന്ന സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾ.ലോകത്തെമ്പാടും നിർമ്മിത ബുദ്ധി, റോബോട്ടിക്സ് എന്നിവയിലൂടെ തൊഴിൽ നഷ്ടപ്പെടുമോയെന്ന ആശങ്ക നിലനിൽക്കുകയാണ്. എന്നാൽ കേരളത്തിലെ റോബോട്ടിക് സംരംഭങ്ങൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുമ്പോൾ തന്നെ അതിൻറെ തണലിൽ തൊഴിലവസരങ്ങളും ഉണ്ടാകുന്നു.സാമൂഹ്യപ്രശ്നങ്ങൾക്ക് പരിഹാരമാർഗമാണ് കേരളത്തിലെ റോബോട്ടിക് മേഖലയുടെ ഉത്പന്നങ്ങളിലധികവും. അതിനാൽ തന്നെ ഇതിൻറെ സാധ്യതകൾക്ക് വ്യാപ്തിയേറെയാണെന്നും മന്ത്രി പറഞ്ഞു. വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് അധ്യക്ഷത വഹിച്ചു.വ്യവസായവാണിജ്യ വകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി എംഡിയുമായ എസ് ഹരികിഷോർ, കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ആർ ഹരി കൃഷ്ണൻ, കെഎസ്ഐഡിസി ചെയർമാൻ പോൾ ആൻറണി, കേരള ടെക്നിക്കൽ സർവകലാശാല, ഡിജിറ്റൽ സർവകലാശാല എന്നിവയുടെ വൈസ് ചാൻസിലർ ഡോ. സജി ഗോപിനാഥ്, കിൻഫ്ര എംഡി സന്തോഷ് കോശി തോമസ്, കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക, അർമാഡ എഐ യുടെ വൈസ്പ്രസിഡൻ്റ് പ്രാഗ് മിശ്ര, ഇൻഡസ്ട്രിയൽ എഐ അക്സഞ്ചർ എം ഡി ഡെറിക് ജോസ് തുടങ്ങിയവർ പങ്കെടുത്തു. പത്ത് കോളേജുകളുടേതടക്കം 31 കമ്പനികളുടെ റോബോട്ടിക് ഉത്പന്നങ്ങളുടെ പ്രദർശനവും സമ്മേളനത്തിലുണ്ടായിരുന്നു.




# മെഗാ ടൂറിസം ബി 2 ബി മീറ്റ് കൊച്ചിയിൽ

**കൊച്ചി:** ടൂറിസം വ്യവസായ മേഖലയുടെ സമഗ്ര വളർച്ച ലക്ഷ്യമിട്ട് മൂന്നാമത്തു തുഷാർ മെഗാ ടൂറിസം ബി 2 ബി മീറ്റ് കൊച്ചിയിൽ സം ഘടിപ്പിക്കുന്നു.കേരളത്തിലെ ട്രാവൽ ആൻറ് ടൂറിസം രംഗത്ത് പ്രർത്തിക്കുന്ന പ്രൊഫഷണൽ സ്ഥാപനങ്ങളുടെ സംഘടനയായ കേരളൈറ്റ്സ് ട്രാവൽ ആൻറ് ടൂർസ് കൺസോർഷ്യത്തിൻറെ (കെടിടിസി) നേതൃത്വത്തിൽ ഈ മാസം 31 ന് നെടുമ്പാശ്ശേരി സിയാൽ കൺവെൻഷൻ സെൻററിലായിരിക്കും മേള നടക്കുന്നതെന്ന് സംസ്ഥാന പ്രസിഡൻറ് മനോജ് എം. വിജയൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. രാവിലെ 10 ന് കൊച്ചി ഇൻറർനാഷണൽ എയർപോർട്ട് എം ഡി എസ്. സുഹാസ് ടൂറിസം ബി 2 ബി മീറ്റിന്റെ ഉദ്ഘാടനം നിർവ്വഹിക്കും. വൈകിട്ട് 6 വരെ നടക്കുന്ന പരിപാടിയിൽ ഇന്ത്യയിലെയും വിദേശത്തേയും 200 ൽ പരം ടൂർ കമ്പനികൾ, ഡി എം സി കൾ, പ്രമുഖ ഹോട്ടലുകളുടേയും റിസോർട്ടുകളുടേയും സ്റ്റാളുകൾ എന്നിവ ഉണ്ടാകും. സംസ്ഥാനത്തിന് അത്തും പുറത്തുമുള്ള നൂറുകണക്കിന് ട്രാവൽ ഏജൻറ്മാരുടെയും ടൂർ ഓപ്പറേറ്റർമാരുടെയും ഒത്തുചേരലിനും ബിസിനസ് ചർച്ചകൾക്കും മേള വേദിയാകും. ടൂറിസം വ്യവസായത്തിൽ ലോകത്ത് മുൻനിരയിലുള്ള വ്യക്തികൾ നയിക്കുന്ന പൊതുചർച്ചകൾ തുഷാറിലെ പ്രധാന ആകർഷണമാണ്. വിനോദ സഞ്ചാര ബിസിനസ്സിലേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്നവർക്കും നവാഗതർക്കും ഇതൊരു മുതൽക്കൂട്ടായിരിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന വർക്ക് അങ്കമാലി റെയിൽവേ സ്റ്റേഷൻ, ആലുവ മെട്രോ സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്നും വാഹന സൗകര്യം ഉണ്ടായിരിക്കുമെന്നു സംഘാടകർ അറിയിച്ചു. വൈസ് പ്രസിഡൻറ് ഷിജോ ജോർജ്, ട്രഷറർ ഡെന്നി ജോസ്, എക്സിക്യൂട്ടീവ് മെമ്പർ അനു ജോസഫ് എന്നിവരും പത്ര സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. സൗജന്യ രജിസ്ട്രേഷന് 7994242337 എന്ന വാട്സ്ആപ്പ് നമ്പറിൽ ബന്ധപ്പെടുക.

# ഗ്യാലക്സി വാച്ചുകളിൽ ഹാർട്ട് ബീറ്റ് നോട്ടിഫിക്കേഷനുമായി സാംസങ്



**കൊച്ചി:** സാംസങ് തങ്ങളുടെ ഗ്യാലക്സി വാച്ചുകളിലെ സാംസങ് ഹെൽത്ത് മോണിറ്റർ ആപ്പിൽ ക്രമരഹിതമായ ഹൃദയമിടിപ്പ് നോട്ടിഫിക്കേഷൻ ഫീച്ചർ പ്രഖ്യാപിച്ചു. നിലവിൽ രക്ത സമ്മർദവും, ഇസിജിയും നിരീക്ഷിക്കുവാൻ സാംസങ് ഗ്യാലക്സി വാച്ചുകളിൽ സാധിക്കും. ഇതോടൊപ്പം ഹൃദമയമിടിപ്പ് കൂടി മനിരീക്ഷിക്കുവാനുള്ള ഫീച്ചർ എത്തുന്നതോടെ ഉപഭോക്താക്കൾക്ക് തങ്ങളുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാക്കാൻ സഹായിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ഐഎച്ച്ആർഎൻ ഫീച്ചർ എത്തുന്നതോടെ ഗ്യാലക്സി വാച്ച് ഉപഭോക്താക്കൾക്ക് തങ്ങളുടെ ഹൃദയാരോഗ്യത്തെ സംബന്ധിച്ചുള്ള പ്രധാനകാര്യങ്ങളെല്ലാം പരിശോധിച്ച് വിലയിരുത്താം. സാംസങ് ബയോ ആക്ടീവ് സെൻസറിലൂടെ ഓൺ ഡിമാൻഡ് ഇസിജി റെക്കോർഡിംഗ്, എച്ച്ആർ അലർട്ട് ഫങ്ഷൻ എന്നിവയെല്ലാം പരിശോധിക്കാനാകുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.ക്രമരഹിതമായ ഹൃദയമിടിപ്പ് നോട്ടിഫിക്കേഷൻ ഫീച്ചർ ഇപ്പോൾ പുതുതായി പുറത്തിറക്കിയ ഗ്യാലക്സി വാച്ച്7 അൾട്രാ, ഗാലക്സി വാച്ച്7 എന്നീ മോഡലുകളിലും, കൂടാതെ ഗാലക്സി വാച്ച്6, വാച്ച്5, വാച്ച്4 സീരീസുകളിലും ലഭ്യമാണ്. ഗ്യാലക്സി വാച്ച് ഉപഭോക്താക്കൾക്ക് അവരുടെ ഡിവൈസിലെ സാംസങ് ഹെൽത് മോണിറ്റർ ആപ്പ് ഗ്യാലക്സി സ്റ്റോർ മുഖേന അപ്ഡേറ്റ് ചെയ്യാവുന്നതാണ്. അതിന് ശേഷം ആപ്പിലെ സെറ്റിംഗ്സ് മെനുവിൽ നിന്നും ഐഎച്ച്ആർഎൻ ഫീച്ചർ ഇനാബിൾ ചെയ്യാം.

# ലീഗൽ എഐ പ്ലാറ്റ്ഫോമുമായി ലെക്സ് ലെജിസ് ഡോട്ട്.എഐ

**കൊച്ചി:** ലെക്സ് ലെജിസ് ഡോട്ട്.എഐ ലീഗൽടെക് മേഖലയിലെ പ്രൊഫഷണലുകളെ ലക്ഷ്യമിട്ട് ലീഗൽ എഐ പ്ലാറ്റ്ഫോമായ ലാർജ് ലാഗ്വേജ് മോഡൽ (എൽഎൽഎം) അവതരിപ്പിച്ചു. 10 ദശലക്ഷത്തിലധികം ഇന്ത്യൻ നിയമ രേഖകളിൽ പരിശീലനം ലഭിച്ച എൽഎൽഎം ഉപയോഗിച്ച്, നിയമപരമായ ചോദ്യങ്ങൾക്ക് സംക്ഷിപ്തവും കൃത്യവുമായ ഉത്തരങ്ങൾ വിശദ വിവരങ്ങൾ സഹിതം നിമിഷങ്ങൾക്കുള്ളിൽ നൽകുന്നു എന്നതാണ് ഇതിന്റെ സവിശേഷതയെന്ന് ലെക്സ് ലെജിസ് ഡോട്ട്.എഐ സ്ഥാപകനും സിഇഒയുമായ സാകർ എസ്. യാദവ് പറഞ്ഞു.ലീഗൽ റിസർച്ചിന് മികച്ച കൃത്യതയും വിശ്വാസ്യതയും ഉറപ്പു വരുത്താനും ഇന്ത്യയിലെ ആദ്യത്തെ ലീഗൽ എഐ പ്ലാറ്റ്ഫോമിലൂടെ സാധിക്കും. കേസുകളുടെ ഡോക്യുമെന്റുകൾ ശേഖരിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനോടൊപ്പം നീണ്ടു നിൽക്കുന്ന റിസർച്ച് ജോലികൾ സെക്കന്റുകളിൽ തീർക്കാനും ഇത് സഹായിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.



സൊസൈറ്റി ടുഡേ
SOCIETY TODAY

# ഹൃദയ ശസ്ത്രക്രിയയിൽ അഭിമാന നേട്ടവുമായി കോട്ടയം മെഡിക്കൽ കോളേജ്

## രക്തക്കുഴലുകളുടെ വീക്കത്തിന് അതിനൂതന ഹൃദയ ശസ്ത്രക്രിയകൾ വിജയം

**കോട്ടയം:** രക്തക്കുഴലുകളുടെ വീക്കം പരിഹരിക്കുന്നതിന് നൂതന ഹൃദയ ശസ്ത്രക്രിയാ മാർഗങ്ങൾ വികസിപ്പിച്ചെടുത്ത് കോട്ടയം മെഡിക്കൽ കോളേജിലെ കാർഡിയോതൊറാസിക് ആന്റ് വാസ്കുലാർ സർജറി വിഭാഗം. അതിസങ്കീർണങ്ങളായ ഓഫ് പമ്പ് സബ് മൈട്രൽ അന്യൂറിസം, സബ്ക്ലേവിയൻ അർട്ടറി അന്യൂറിസം ശസ്ത്രക്രിയകളാണ് വിജയകരമായി പൂർത്തിയാക്കിയത്. നിലവിലെ ചികിത്സാ രീതിയിൽ നിന്നും വ്യത്യസ്ഥമായി രോഗികളുടെ സുരക്ഷയും ചികിത്സയുടെ ഫലപ്രാപ്തിയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ചികിത്സാ ചെലവ് കുറയ്ക്കുന്നതിനും ഈ നൂതന രീതികളിലൂടെ സാധിക്കും. ഈ പുതിയ ശസ്ത്രക്രിയാ രീതികളുടെ അംഗീകാരമായി അന്നൽസ് ഓഫ് തൊറാസിക് സർജറി, കാർഡിയോ തൊറാസിക് ആൻഡ് വാസ്ക്കുലാർ ടെക്നിക്സ് എന്നീ അന്താരാഷ്ട്ര ജേർണലുകളിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഹൃദയ ശസ്ത്രക്രിയാ രംഗത്ത് വലിയ മുന്നേറ്റം നടത്തുന്ന കോട്ടയം മെഡിക്കൽ കോളേജിലെ ആശുപത്രി സൂപ്രണ്ട് ഡോ. ടി.കെ. ജയകുമാറിന്റെ നേതൃത്വത്തിലുള്ള മുഴുവൻ ടീമിനേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദ ിച്ചു.



രക്തക്കുഴലുകളിൽ ഉണ്ടാകുന്ന വീക്കമാണ് അന്യൂറിസം. സങ്കീർണമായ അവസ്ഥകളിൽ ഈ രക്തക്കുഴൽ വീർത്ത് പൊട്ടി മരണം വരെ സംഭവിക്കാൻ സാധ്യതയുണ്ട്. ഇത്തരം സങ്കീർണമായ അവസ്ഥകളിൽ ഫലപ്രദമായ നൂതന ശസ്ത്രക്രിയാ രീതികളാണ് കോട്ടയം മെഡിക്കൽ കോളേജ് വിജയിപ്പിച്ചത്. അപൂർവമായി ഹൃദയത്തിനുണ്ടാകുന്ന സങ്കീർണമായ അവസ്ഥയായ സബ് മൈട്രൽ അന്യൂറിസത്തിന്റെ ചികിത്സയ്ക്കായി ഓഫ് പമ്പ് സബ് മൈട്രൽ അന്യൂറിസം ശസ്ത്രക്രിയയാണ് നടത്തിയത്. ഹൃദയം നിർത്തിവെച്ച ശേഷം ഹൃദയം തുറന്ന് സങ്കീർണമായ ശസ്ത്രക്രിയയാണ് പരമ്പരാഗതമായി ചെയ്തിരുന്നത്. എന്നാൽ എക്കോകാർഡിയോഗ്രാഫിയുടെ സഹായത്തോടെ, ഹൃദയം നിർത്തി വയ്ക്കാതെ, മിടിക്കുന്ന ഹൃദയത്തിൽ പുറത്തുനിന്ന് ശസ്ത്രക്രിയ നടത്തുന്ന നൂതന രീതിയാണ് അവലംബിച്ചത്. ഈ രീതിയിലൂടെ ഹൃദയം പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോൾ ശസ്ത്രക്രിയ നടത്താൻ കഴിയുന്നത് മൂലം അപകട സാധ്യതകൾ കുറയുകയും, ശസ്ത്രക്രിയ കൂടുതൽ ഫലപ്രദമാകുകയും ചെയ്യുന്നു.

കൈയിലേക്കും തലച്ചോറിലേക്കും രക്തം എത്തിക്കുന്ന രക്തക്കുഴലിനുള്ള സങ്കീർണമായ വീക്കമായ സബ്ക്ലേവിയൻ അർട്ടറി അന്യൂറിസത്തിനും നൂതന ചികിത്സാ രീതി വികസിപ്പിച്ചെടുത്തു. മുൻവശത്തെ മാറെല്ലും വാരിയെല്ലുകളും തുറന്നാണ് പരമ്പരാഗതമായി ശസ്ത്രക്രിയ നടത്തിയിരുന്നത്. എന്നാൽ ചെറിയ മുറിവിലൂടെ ശസ്ത്രക്രിയ നടത്തുന്നതാണ് പുതിയ രീതി. ഇത് മൂലം ശസ്ത്രക്രിയയുടെ ദൈർഘ്യം കുറയ്ക്കാനും രക്തനഷ്ടം കുറയ്ക്കാനും സാധിക്കുന്നു. മാത്രമല്ല രോഗിയുടെ ആരോഗ്യം പെട്ടെന്ന് മെച്ചപ്പെടുകയും ചെയ്യുന്നു.

അതിസങ്കീർണമായ ഹൃദയ ശസ്ത്രക്രിയകളിൽ വിജയം കൈവരിച്ച ഈ നൂതന രീതികൾ, പരമ്പരാഗത ഹൃദയ ശസ്ത്രക്രിയാ രീതികളിൽ നിന്നും വലിയ മുന്നേറ്റമാണ്. ലോകത്ത് അത്യപൂർവമായി മാത്രം കാണുന്ന ക്യൂട്ടിസ് ലാക്സ തൊറാസിക് അയോർട്ടിക് അന്യൂറിസം എന്ന ജനിതക രോഗത്തിനുള്ള സങ്കീർണ ശസ്ത്രക്രിയ വിജയകരമാക്കി കാർഡിയോതൊറസിക് വിഭാഗം കഴിഞ്ഞ വർഷവും രാജ്യാന്തര ശ്രദ്ധ നേടിയിരുന്നു.

കാർഡിയോ തൊറാസിക് സർജറി വിഭാഗം മേധാവിയും, ആശുപത്രി സൂപ്രണ്ടുമായ ഡോ. ടി.കെ. ജയകുമാറിന്റെ നേതൃത്വത്തിൽ ഡോ. മഞ്ജുഷ എൻ. പിള്ള, ഡോ. വീണ വാസുദേവ്, ഡോ. ദിനേശ് കുമാർ, ഡോ. നൗഫൽ, ഡോ. നിതീഷ്, ഡോ. വിനീത എന്നിവരുടെ സംഘമാണ് അതിസങ്കീർണമായ ഹൃദയ ശസ്ത്രക്രിയകളിൽ നവീന രീതികൾ അവലംബിച്ച് വിജയകരമാക്കിയത്.

ഇവിടെ നടക്കുന്ന ഗവേഷണങ്ങൾ, സാധാരണ രോഗികൾക്ക് ഫലപ്രദമായ നൂതന ചികിത്സ ഉറപ്പുവരുത്തുകയും ചികിത്സാ ചെലവ് കുറക്കുകയും ചെയ്യുന്നു.



# മോസ്കോ ഫിലിം വീക്ക് ആരംഭിച്ചു

**മോസ്കോ:** മോസ്കോയിൽ നടക്കുന്ന ഇൻറർനാഷണൽ ഫിലിം വീക്കിൽ ഇന്ത്യൻ ചലച്ചിത്ര മേഖലയിലെ വ്യക്തികൾക്കും സിനിമകൾക്കും ലഭിക്കുന്ന പ്രാധാന്യം ഇന്ത്യൻ ചലച്ചിത്ര വ്യവസായത്തിന് വൻ പ്രതീക്ഷ നൽകുന്നു.മോസ്കോ സാംസ്കാരിക വകുപ്പും ക്രിയേറ്റീവ് ഇൻറസ്ട്രീസും ചേർന്ന് സംഘടിപ്പിച്ചിരിക്കുന്ന മേളയിൽ 18 ഇന്ത്യൻ സിനിമകൾ പ്രദർശിപ്പിക്കുന്നതും ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖരായ നിരവധി ഇന്ത്യൻ പ്രതിനിധികളുടെ സാന്നിധ്യവും ഇന്ത്യൻ ചലച്ചിത്ര വ്യവസായത്തിന് ലഭിച്ച വലിയ അംഗീകാരമാണ്. ഇന്ത്യൻ സിനിമകൾക്ക് പുറമേ 300 ൽ അധികം റഷ്യൻ സിനിമകളും 70 ൽപരം അന്താരാഷ്ട്ര സിനിമകളും ഫിലിം വീക്കിൽ പ്രദർശിപ്പിക്കുന്നുണ്ട്.

ഇന്ത്യ, ചൈന, തുർക്കി, ഇറാൻ, തായ്ലാൻറ്, സിഐഎസ് രാജ്യങ്ങൾ തുടങ്ങിയ 40 ൽപരം രാജ്യങ്ങളിൽ നിന്നുള്ള വിശിഷ്ട വ്യക്തിത്വങ്ങളുടെ സാന്നിധ്യം മോസ്കോയെ വലിയൊരു അന്താരാഷ്ട്ര സിനിമാറ്റിക് ഹബ്ബായി മാറ്റി. മഹാരാഷ്ട്ര സർക്കാരിൻറെ സാംസ്കാരിക വകുപ്പ് മന്ത്രി സുധീർ എസ്. മുൻഗന്തിവാർ, മുഖ്യമന്ത്രിയുടെ ഓഫീസിൻറെയും സാംസ്കാരിക വകുപ്പിൻറെയും സെക്രട്ടറിയായ വികാസ് ഖരാഗെ, തെലുങ്ക് ഫിലിം ചേംബർ ഓഫ് കോമേഴ് സ് പ്രസിഡൻറ് ദിൽ രാജു, ചലച്ചിത്ര മാധ്യമ വ്യവസായ രംഗത്തെ പ്രമുഖരായ നോയിഡ ഫിലിം സിറ്റി സ്ഥാപകൻ സന്ദീപ് മർവ, ഇൻവെസ്റ്റ്മെൻറ് ഇന്ത്യ വൈസ് പ്രസിഡൻറും എഫ് എഫ് ഒ മേധാവിയുമായ ശ്രുധി രാജകുമാർ, ഗ്രീൻഗോൾഡ് സ്റ്റുഡിയോ സിഇ ഒ രാജീവ് ചിലക്, മീഡിയ ആൻറ് എൻറർടൈൻമെൻറ് അസോസിയേഷൻ ഓഫ് ഇന്ത്യ സി ഇ ഒ അങ്കുർ ഭാസിൻ, ടൂൺസ് മീഡിയ ഗ്ലോബൽ പ്രൊഡക്ഷൻ ഹെഡ് രത്തൻ ശാം ജോർജ്, ധർമ്മ പ്രൊഡക്ഷൻസിൻറെ പ്രൊഡക്ഷൻ തലവൻ മരിജ്കെ ഡി സൂസ, വിയാകോം 18 സ്റ്റുഡിയോ സീനിയർ വൈസ് പ്രസിഡൻറ് ഗായത്രി ഗുലാത്തി, വിവിധ സംസ്ഥാന സർക്കാരുകളുടെ ഉന്നത ഉദ്യോഗസ്ഥർ എന്നിവർ ഇന്ത്യയിൽ നിന്നും പരിപാടിയിൽ പങ്കെടുക്കുന്ന പ്രമുഖരിൽ ചിലരാണ്. ചലച്ചിത്ര വ്യവസായത്തിലെ ഇന്ത്യൻ പ്രതിനിധികളുടെ പങ്കാളിത്തം മൂലം ഭാവിയിൽ ഈ മേഖലയിൽ ഉണ്ടാകാവുന്ന സഹകരണത്തിൻറെയും പരിവർത്തനത്തിൻറെയും പാതലേക്കുള്ള തുടക്കമാണ് മേളയുടെ ഏറ്റവും വലിയ വിജയം.

# കേരള കോൺഗ്രസ് (ബി) മധ്യമേഖലാ സമ്മേളനം ഇന്ന്

**കൊച്ചി:** കേരള കോൺഗ്രസ് (ബി) മധ്യമേഖലാ സമ്മേളനം ഇന്ന് എറണാകുളം ടൗൺ ഹാളിൽ നടക്കും. ഉച്ചയ്ക്ക് രണ്ട് മണിക്ക് എറണാകുളം ടൗൺ ഹാളിൽ മന്ത്രി കെ.ബി ഗണേശ് കുമാർ സമ്മേളനം ഉദ്ഘാടനം ചെയ്യുമെന്ന് പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി കെ.ജി പ്രേംജിത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

പാലക്കാട്, തൃശൂർ, എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലെ പ്രവർത്തകർ പങ്കെടുക്കും. ഉച്ചയ്ക്ക് രണ്ട് മണിക്ക് നടക്കുന്ന സമ്മേളനത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി കെ.ജി പ്രേംജിത്ത് അധ്യക്ഷത വഹിക്കും. കോട്ടയം ജില്ല പ്രസിഡന്റ് പ്രശാന്ത് നന്ദകുമാർ, ഇടുക്കി ജില്ലാ പ്രസിഡന്റ് രതീഷ് അത്തിക്കുഴി, തൃശൂർ ജില്ലാ പ്രസിഡന്റ് ഷൈജു ബഷീർ, പാലക്കാട് ജില്ലാ പ്രസിഡന്റ് എസ്.വിശ്വനാഥൻ, നേതാക്കളായ സി.വേണുഗോപാലൻ നായർ, ഏലിയാമ്മ ജോയി, അഡ്വ.പി.ഗോപകുമാർ, കെ.എസ് ബാലഗോപാൽ, എ.ആർ ബഷീർ, പോൾസൺ മാത്യു, സാജൻ ആലക്കുളം, കെ.ജി മോഹൻ, സേവ്യർ കടകംപള്ളി തുടങ്ങിയവർ പ്രസംഗിക്കും.

# നെല്ല് സംഭരണം: കർഷക രജിസ്ട്രേഷൻ ആഗസ്റ്റ് 25 മുതൽ

**കൊച്ചി:** സപ്ലൈകോ വഴി നടത്തുന്ന നെല്ല് സംഭരണ പദ്ധതിയുടെ 202425 ഒന്നാം വിള സീസണിലെ ഓൺലൈൻ കർഷക രജിസ്ട്രേഷൻ ആഗസ്റ്റ് 25 മുതൽ ആരംഭിക്കും. താല്പര്യമുള്ളവർ www.supplycopaddy.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് കർഷക രജിസ്ട്രേഷൻ നടത്തണം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

# ഉജ്ജ്വല ബാല്യം പുരസ്കാരം: 31 വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** വനിത ശിശുവികസന വകുപ്പ് സംസ്ഥാനതല ശിശു ദിനാഘോഷങ്ങളോടനുബന്ധിച്ച് വ്യത്യസ്ത മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ഉജ്ജ്വല ബാല്യം പുരസ്കാരത്തിന് ആഗസ്റ്റ് 31 വരെ അപേക്ഷിക്കാം. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് തീയതി നീട്ടിയത്.

സൊസൈറ്റി ടുഡേ
SOCIETY TODAY



# സീറോമലബാർ സഭാഅസംബ്ലിക്ക് തുടക്കം

**പാലാ:** സീറോമലബാർസഭയുടെ അഞ്ചാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിൽ ഫ്രാൻസിസ് മാർപാപ്പായുടെ ആശംസകളുമായി ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ്പ് ലിയോപോൾദോ ജിറെല്ലി. അസംബ്ലിയുടെ ഔദ്യോഗിക ഉദ്ഘാടനസന്ദേശത്തിലാണ് മാർപാപ്പായുടെ പ്രാർത്ഥനാശംസകൾ ഇന്ത്യയിലെ അപ്പസ്തോലിക്ക് ന്യൂൺഷോ അസംബ്ലി അംഗങ്ങളെ നേരിട്ട് അറിയിച്ചത്.അസംബ്ലിയുടെ മാർഗ്ഗരേഖ സഭയെ ശക്തിപ്പെടുത്താനും നവീകരിക്കാനും സഹായകമായ ആശയങ്ങളെയാണ് അവതരിപ്പിക്കുന്നത്. സുവിശേഷവൽക്കരണത്തിൽ നേരിടുന്ന വെല്ലുവിളികൾ, പ്രത്യേകിച്ച് കാലികവും സാമൂഹികവുമായ അവസ്ഥകൾ ചർച്ചചെയ്യപ്പെടണം. സ്വഭാവത്താലെ പ്രേഷിതയായ സഭയുടെ അടിസ്ഥാനദൗത്യമാണ് സുവിശേഷപ്രഘോഷണം. ലോകത്തിന് സുവിശേഷ മാതൃകകളാകാൻ പുരോഹിതർക്കും സമർപ്പിതർക്കുമൊപ്പം അല്മായർക്കും പ്രസക്തമായ പങ്കുണ്ട്. ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങളെക്കുറിച്ച് എല്ലാതുറയിൽപ്പെട്ട സഭാംഗങ്ങൾക്കും കൃത്യമായ ധാരണകളുണ്ടാകണമെന്നും അപ്രകാരമുള്ള ധാരണകളെ രൂപപ്പെടുത്താനുള്ള വേദിയായി അസംബ്ലി മാറണമെന്നും ആർച്ച്ബിഷപ് ലിയോപോൾദോ ജിറെല്ലി കൂട്ടിച്ചേർത്തു.

സഭയുടെ മുഴുവൻ പ്രവർത്തനങ്ങളുടേയും പ്രഭവസ്ഥാനവും പാരമ്യതയുമാണ് കർത്താവിന്റെ പെസഹാരഹസ്യത്തിന്റെ ഓർമ്മയായ വിശുദ്ധ കുർബാന. ഇത് ഐക്യത്തിന്റെ കൂദാശയാണ്. സാർവത്രികസഭയുടെ പൈതൃകമായി ആരാധനക്രമപാരമ്പര്യങ്ങൾ സഭയിൽ വളരുന്നത് ആദരവോടെ കാണുന്നു. കൂടുതൽ ഐക്യത്തിന് വഴിതെളിക്കാൻ അസംബ്ലിയിലെ ചർച്ചകൾ കാരണമാകട്ടെയെന്നും ആർച്ച്ബിഷപ് ജിറെല്ലി പ്രത്യാശ പ്രകടിപ്പിച്ചു.അപ്പസ്തോലിക് ന്യൂൺഷ്യോയുടെ സാന്നിധ്യത്തിലൂടെ മാർപാപ്പാതന്നെയാണ് അസംബ്ലിയിൽ സന്നിഹിതനായിരിക്കുന്നതെന്ന് ഉദ്ഘാടനസമ്മേളനത്തിൽ അധ്യക്ഷത വഹിച്ച മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ പറഞ്ഞു. ദൈവജനത്തിന്റെ സാമൂഹിക ജീവിതവും കാലാനുസൃതമായ സുവിശേഷപ്രഘോഷണമാർഗ്ഗങ്ങളും അസംബ്ലി ചർച്ചചെയ്യണമെന്നും മേജർ ആർച്ച്ബിഷപ് നിർദ്ദേശിച്ചു. കാലഘട്ടത്തിന്റെ ആവശ്യങ്ങളും വെല്ലുവിളികളും തിരിച്ചറിഞ്ഞ് ഒരുമിച്ച് മുന്നേറാനുള്ള ആഹ്വാനമാണ് അസംബ്ലിയെന്ന് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി അനുഗ്രഹപ്രഭാഷണത്തിൽ പറഞ്ഞു. ഒരുമിച്ച് പ്രവർത്തിക്കുന്നതിലൂടെയാണ് മുന്നേറ്റമുണ്ടാകേണ്ടതെന്നും കർദ്ദിനാൾ ഓർമ്മിപ്പിച്ചു.സൗമ്യമായ കേരളസമൂഹത്തെ വളർത്തിയെടുത്തതിൽ കത്തോലിക്കാസഭയുടെ പങ്കിനെ അഭിനന്ദിക്കുന്നതായി കേന്ദ്രമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. ഭരണഘടനയുടെ അടിസ്ഥാനത്തിൽ തന്റെ കത്തോലിക്കാവിശ്വാസം എന്നും ഉറക്കെ പറയുന്നതിൽ അഭിമാനിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.ക്രൈസ്തവരെ വളഞ്ഞിട്ട് അക്രമിക്കുമ്പോൾ കത്തോലിക്കാസഭയ്ക്ക് പ്രബലമായ സാക്ഷ്യം നൽകാനുണ്ടെന്ന് ആശംസാസന്ദേശത്തിൽ യാക്കോബായ സുറിയാനി സഭ മെത്രോപ്പോലീറ്റൻ ആർച്ച്ബിഷപ് ജോസഫ് മാർ ഗ്രിഗോറിയോസ് പറഞ്ഞു.

സഭകൾതമ്മിൽ ഐക്യത്തിന്റെ പാതയിൽ മുന്നേറുന്നത് ശുഭകരവും സുന്ദരവുമാണെന്നും ജോസഫ് മാർ ഗ്രിഗോറിയോസ് ചൂണ്ടിക്കാട്ടി.അസംബ്ലി കമ്മിറ്റി കൺവീനർ മാർ പോളി കണ്ണൂക്കാടൻ, പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്,പാലാ രൂപത മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, പാലാ രൂപത മുഖ്യവികാരി ജനറാൾ മോൺ. ഡോ. ജോസഫ് തടത്തിൽകമ്മിറ്റി സെക്രട്ടറി റവ.ഡോ. ജോജി കല്ലിങ്ങൽ, മദർ ജനറൽ സിസ്റ്റർ ലിറ്റി എഫ്സിസി, ശിവദാസ് ദാനിയേൽ നായ്ക്, ബീന ജോഷി, അഡ്വ. സാം സണ്ണി എന്നിവർ പങ്കെടുത്തു.

## കുസാറ്റ്: എം.ടെക്ക് (ഫുൾ ടൈം) പ്രോഗ്രാമുകളിൽ സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എൻജിനീയറിംഗിൽ എം.ടെക്ക് (ഫുൾ ടൈം) പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ആഗസ്റ്റ് 30 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ള വിദ്യാർത്ഥികൾ കുസാറ്റ് സ്കൂൾ ഓഫ് എൻജിനീയറിംഗിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് www.admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ വിദേശഭാഷാ വിഭാഗം നടത്തുന്ന ഒരു വർഷത്തെ ഇംഗ്ലീഷ്, സായാഹ്ന വിദേശഭാഷാ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ആഗസ്റ്റ് 29ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർക്ക് പി.ജി ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സിനും, പ്ലസ്ടു/തത്തുല്യ യോഗ്യതയുള്ളവർക്ക് ഫ്രഞ്ച്/ജർമ്മൻ/ജാപ്പനീസ് കോഴ്സുകൾക്കും അപേക്ഷിക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 10.00 ന് വിദേശഭാഷാ വിഭാഗം ഓഫീസിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്, 6282167298 എന്ന നമ്പറിലോ delf@cusat.ac.in എന്ന മെയിലിലോ ബന്ധപ്പെടുക.

## ജെഎം ഫിനാൻഷ്യൽ അസ്ക്വയർ ഫുഡ്സിൽ 400 മില്യൺ നിക്ഷേപിക്കുന്നു

**കൊച്ചി:** ജെഎം ഫിനാൻഷ്യൽ പ്രൈവറ്റ് ഇക്വിറ്റി അവരുടെ ഇന്ത്യാ ഗ്രോത്ത് ഫണ്ട് മുഖേന പ്രമുഖ സ്പൈസ് ബ്രാന്റ് സോഫിന്റെ ഉടമകളായ അസ്ക്വയർ ഫുഡ്സ് കമ്പനിയിൽ 400 മില്യൺ രൂപ നിക്ഷേപിക്കുന്നു. ഓൺലൈനിൽ ഉപഭോക്താക്കൾക്കു നേരിട്ടു വിൽപന നടത്തുന്ന ജനപ്രിയ ബ്രാന്റായ സോഫിന്റെ ഉടമകളാണ് അസ്ക്വയർ ഫുഡ്സ് ആന്റ് ബിവറേജസ്.സഹോദരന്മാരായ ആകാശ് അഗർവാളും ആഷിഷ് അഗർവാളും ചേർന്നാരംഭിച്ച സോഫിന്റെ ഉൽപന്നങ്ങൾ ഇകോമേഴ്സ്, ക്വിക് കോമേഴ്സ് സൈറ്റുകളിലൂടെയാണ് വിൽപന നടത്തുന്നത്. കഴിഞ്ഞ നാലു വർഷങ്ങളിൽ 40 ശതമാനം മൊത്ത വരുമാനം ഉണ്ടായിട്ടുണ്ട്.കോവിഡാനന്തര കാലത്ത് സ്പൈസ് ബ്രാന്റുകളുടെ ശുചിത്വമാർന്ന ഉൽപാദന, വിതരണ മേഖല വലിയ സാധ്യതയുള്ള വ്യവസായമാണെന്നു തിരിച്ചറിഞ്ഞാണ് പ്രമുഖ ഓൺലൈൻ ബ്രാന്റായ സോഫിൽ നിക്ഷേപിക്കാൻ തയാറായതെന്ന് ജെഎം ഫിനാൻഷ്യൽ സിഇഒ യും മാനേജിംഗ് ഡയറക്ടറുമായ ഡാരിയസ് പാണ്ഡോലെ പറഞ്ഞു. ഏറ്റവും ആധുനികമായ തങ്ങളുടെ പ്ലാന്റ് മനുഷ്യ ഇടപെടൽ പരമാവധി കുറച്ച് ഏതാണ്ട് പൂർണമായിത്തന്നെ യന്ത്ര സഹായത്തോടെയാണ് പ്രവർത്തിക്കുന്നതെന്നും കഴിഞ്ഞ ഏതാനും വർഷങ്ങളായി നിർണ്ണായകമായ വളർച്ചയാണു നേടിയതെന്നും സോഫ് മാനേജിംഗ് ഡയറക്ടർ ആകാശ് അഗർവാൾ പറഞ്ഞു.

# ഫുട്ട് ആന്റ് ആങ്കിൾ സർജ്ജറി വിദഗ്ധരുടെ സമ്മേളനത്തിന് തുടക്കം




**കൊച്ചി:** പാദം, കണങ്കാൽ എന്നിവയെ ബാധിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാനുള്ള നടപടികൾക്ക് തുടക്കമിട്ടുകൊണ്ട് ഫൂട്ട് ആന്റ് ആങ്കിൾ സർജറി വിദഗ്ധരുടെ 36ാമത് ദേശീയ സമ്മേളനമായ 'ഐഫാസ്ക്കോൺ 2024 ന് കൊച്ചി ലെ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ തുടക്കം.

കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

പാദം ,കണങ്കാൽ പ്രശ്നങ്ങൾക്ക് ഇന്ന് നിലവിലുള്ള കൃത്യതയേറിയ രോഗനിർണ്ണയചികിത്സാ സാങ്കേതിക വിദ്യകളെക്കുറിച്ച് പൊതുജനാവബോധം സൃഷ്ടിക്കേണ്ടതുണ്ടെന്ന് ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ് പറഞ്ഞു.

ചികിത്സയെ സംബന്ധിച്ച അറിവിന്റെ അഭാവം രോഗനിർണയം വൈകുന്നതിന് കാരണമാകും. ഇത് പലപ്പോഴും ചികിത്സ സങ്കീർണ്ണമാക്കുകയും, ഫലപ്രാപ്തി കുറയ്ക്കുകയും ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു.ഇന്ത്യൻ ഫൂട്ട് ആൻഡ് ആങ്കിൾ സൊസൈറ്റി പ്രസിഡന്റ് ഡോ. ടി.വി. രാജ; സെക്രട്ടറി ഡോ.ഇന്ദർജിത് സിംഗ്; ഓർഗനൈസിങ്ങ് ചെയർമാൻ പ്രൊഫ ചന്ദ്രബാബു കെ .കെ, ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. രാജേഷ് സൈമൺ,കേരള ഓർത്തോപീഡിക് അസോസിയേഷൻ പ്രസിഡന്റ് ഡോ.അനീൻ എൻ കുട്ടി, കൊച്ചിൻ ഓർത്തോപീഡിക് സൊസൈറ്റി പ്രസിഡന്റ് ഡോ. ജോൺ ടി ജോൺ,

ഡോ. ഡെന്നീസ് പി.ജോസ്, ഡോ.കമൽ ദുരേജ എന്നിവർ സംസാരിച്ചു.പാദം, കണങ്കാൽ എന്നിവയുടെ പ്രശ്നങ്ങൾ, കായിക താരങ്ങളുടെ പരിക്കുകൾ, ഫ്ലാറ്റ് ഫൂട്ട് , ഡയബറ്റിക് ചാർക്കോട്ട് ഫൂട്ട് , ആർത്രൈറ്റിസ്,

വൈകല്യങ്ങളുടെ ചികിത്സാ രീതികൾ,താക്കോൽദ്വാര ശസ്ത്രക്രിയകൾ ഉൾപ്പെടെ ഏറ്റവും പുതിയ ഗവേഷണങ്ങളും സാങ്കേതിക മുന്നേറ്റങ്ങളുമാണ് സമ്മേളനം ചർച്ച ചെയ്യുന്നത്.

പ്രീകോൺഫറൻസ് ലൈവ് സർജറികൾ കണങ്കാൽ മാറ്റി വെക്കൽ, ഡയബറ്റിക് ചാർക്കോട്ട് ഫൂട്ട്, മിനിമലി ഇൻവേസീവ് ശസ്ത്രക്രിയകൾ എന്നിവ വിപിഎസ് ലേക്ഷോർ ഹോസ്പിറ്റൽ ഓഡിറ്റോറിയത്തിലെ വേദിയിൽ സംപ്രേക്ഷണം ചെയ്തു. കേരള ഓർത്തോപീഡിക് അസോസിയേഷന്റെയും കൊച്ചിൻ ഓർത്തോപീഡിക് സൊസൈറ്റിയുടെയും പിന്തുണയോടെയാണ് സമ്മേളനം നടക്കുന്നത്.

ഫൂട്ട് ആൻഡ് ആഗിൾ ചികിത്സാ രംഗത്തെ പ്രമുഖ അന്താരാഷ്ട്രദേശീയ വിദഗ്ധരും, മറ്റു ഗവേഷകരുമുൾപ്പടെ 400ലധികം പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മലപ്പുറത്ത് പുതിയ ഔട്ട്ലെറ്റ് തുറന്ന് ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക്




**മലപ്പുറം:** ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് (ഉത്കർഷ് എസ്എഫ്ബിഎൽ) മലപ്പുറത്ത് പുതിയ ഔട്ട്ലൈറ്റ് ഉദ്ഘാടനം ചെയ്ത് ബാങ്കിന്റെ സാനിധ്യം വിപുലീകരിച്ചു. പുതിയ ഔട്ട്ലെറ്റ് തുറന്നതോടെ കേരളത്തിൽ ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ ആകെ ബാങ്കിങ് ഔട്ട്ലെറ്റുകളുടെ എണ്ണം ആറായി ഉയർന്നു. രാജ്യത്തുടനീളം 934 ബാങ്കിങ് ഔട്ട്ലെറ്റുകളാണ് ഉത്കർഷ് എസ്എഫ്ബിഎലിനുള്ളത്. കേരളത്തിൽ ഞങ്ങളുടെ ബാങ്കിങ് ശൃംഖല വിപുലീകരിക്കുന്നതിൽ ഏറെ സന്തുഷ്ടരാണെന്ന് വിപുലീകരണത്തെക്കുറിച്ച് സംസാരിച്ച ഉത്കർഷ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡിന്റെ എംഡിയും സിഇഒയുമായ ഗോവിന്ദ് സിങ് പറഞ്ഞു. സംസ്ഥാനത്ത് ഞങ്ങളുടെ സാനിധ്യം വിശാലമാക്കാനുള്ള ഞങ്ങളുടെ പ്രതിബദ്ധതയെ ഊന്നിപ്പറയുന്നതാണ് ഈ വിപുലീകരണം. ചരിത്രപരമായ പ്രാധാന്യത്തിനും ഊഷ്മളമായ സാമൂഹിക ജീവിതത്തിനും പേരുകേട്ട മലപ്പുറം വളർച്ചയ്ക്ക് വളക്കൂറുള്ള മണ്ണ് കൂടിയാണ്. പുതിയ ബാങ്കിങ് ഔട്ട്ലെറ്റ് സാമ്പത്തിക സേവനങ്ങളിലേക്കുള്ള ആക്സസ് വർധിപ്പിക്കുന്നതിനോടൊപ്പം സാമ്പത്തിക വികസനം, സാമ്പത്തിക ഉൾപ്പെടുത്തൽ, കമ്മ്യൂണിറ്റി ശാക്തീകരണം എന്നിവ പ്രോത്സാഹിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സേവിങ്സ്, കറന്റ് അക്കൗണ്ടുകൾ, ഫിക്സഡ് ഡിപ്പോസിറ്റുകൾ, റിക്കറിങ് ഡെപ്പോസിറ്റ് എന്നിവ ഉൾപ്പെടുന്ന സാമ്പത്തിക ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും ഒരു നിര തന്നെ ഉപഭോക്താക്കൾക്ക് നൽകാൻ ബാങ്കിന് കഴിയും. ഉപഭോക്താക്കളുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിനായി, ഭവന വായ്പകൾ, ബിസിനസ് ലോണുകൾ, വസ്തുവിന് മേലുള്ള വായ്പകൾ എന്നിങ്ങനെ വിവിധ വായ്പാ ഉൽപ്പന്നങ്ങളും ബാങ്ക് വാഗ്ദാനം ചെയ്യുന്നു.

## എസ്ബിഐ ലൈഫ് ഇൻഷുറൻസ് പിസിഐ പങ്കാളിത്തം

SBI Life
Apne liye. Apno ke liye.

**കൊച്ചി :** എസ്ബിഐ ലൈഫ് ഇൻഷുറൻസ്, 2024 ഓഗസ്റ്റ് 28ന് പാരീസിൽ ആരംഭിക്കുന്ന പാരീസ് 2024 പാരാലിമ്പിക് ഗെയിംസിന്റെ ഗോൾഡ് സ്പോൺസറായി പാരാലിമ്പിക് കമ്മിറ്റി ഓഫ് ഇന്ത്യയുമായി (പിസിഐ) പങ്കാളിത്തത്തിൽ ഏർപ്പെടും.

ഇൻഷുറൻസിന്റെ പ്രാധാന്യത്തെക്കുറിച്ചും ഓരോ വ്യക്തിയെയും അവരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനും സാമ്പത്തികമായി സുരക്ഷിതമായ ഭാവി കെട്ടിപ്പടുക്കുന്നതിനും ശാക്തീകരിക്കുന്നതിലെ പങ്കിനെ കുറിച്ചും അവബോധം പ്രചരിപ്പിച്ചുകൊണ്ട് കായിക പ്രേമികളുമായി അർത്ഥപൂർണ്ണമായി ബന്ധപ്പെടാൻ ഈ സഖ്യം ലക്ഷ്യമിടുന്നതായി അധികൃതർ വ്യക്തമാക്കി.

## ബന്ധൻ ബിഎസ്ഇ ഹെൽത്ത് കെയർ ഇൻഡക്സ് ഫണ്ട്

**കൊച്ചി:** ബന്ധൻ ബിഎസ്ഇ ഹെൽത്ത് കെയർ ഇൻഡക്സ് ഫണ്ടുമായി ബന്ധൻ മ്യൂച്ചൽ ഫണ്ട്. ഇത് ബിഎസ്ഇ ഹെൽത്ത് കെയർ ഇൻഡക്സ് ട്രാക്ക് ചെയ്തുകൊണ്ട് ഇന്ത്യയിലെ അതിവേഗം വളരുന്ന ആരോഗ്യ സംരക്ഷണ മേഖലയിലേക്ക് നിക്ഷേപകർക്ക് എക്സ്പോഷർ നൽകുന്നതിന് ലക്ഷ്യമിടുന്ന ഓപ്പൺഎൻഡ് പദ്ധതിയാണ്. പുതിയ ഫണ്ട് ഓഫർ സെപ്റ്റംബർ 3 ന് അവസാനിക്കും.




# ഓണം ഓഫറുകളുമായി ഡ്യൂറോഫ്ളെക്സ്

**കൊച്ചി:** മലയാളികളുടെ ഓണക്കാല ആഘോഷങ്ങളുടെ ഭാഗമായി ഡ്യൂറോഫ്ളെക്സ് ഓണം ഓഫറുകൾ പ്രഖ്യാപിച്ചു. പ്രീമിയം ശ്രേണിയിലുള്ള മെത്തകൾക്കും ഫർണിച്ചറുകൾക്കും പ്രത്യേക ഓഫറുകളും കിഴിവുകളും അവതരിപ്പിച്ചു. ഉപഭോക്താക്കൾക്ക് ലക്കി ഡ്രോ മത്സരത്തിൽ പങ്കെടുത്ത് സ്വർണ്ണ നാണയങ്ങൾ നേടാനുള്ള അവസരവുമുണ്ട്. ഈ ഓഫറുകൾ ഓൺലൈനിലും സ്റ്റോറിലും ലഭ്യമാണെന്ന് ഡ്യൂറോഫ്ലെക്സ് ഗ്രൂപ്പ് സിഇഒ ശ്രീധർ ബാലകൃഷ്ണൻ പറഞ്ഞു

ഓണാഘോഷത്തിന്റെ ഭാഗമായുള്ള പരസ്യ ചിത്രവും ഡ്യൂറോഫ്ളെക്സ് പുറത്തിറക്കിയിട്ടുണ്ട്. ശ്രീധന്യയും ആർഷ ബൈജുവും താരങ്ങളായി വരുന്ന ഈ ഡിജിറ്റൽ ഫിലിമിൽ, ഒരു പരമ്പരാഗത മലയാളി കുടുംബത്തിന്റെ ഓണാഘോഷമാണ് പശ്ചാത്തലമാകുന്നത്.

ഈ സന്ദേശം കൂടുതൽ പ്രചരിപ്പിക്കുന്നതിനായി പ്രമുഖ നടിയും ഇൻഫ്ലൂവെൻസറുമായ അമല പോളുമായി ബ്രാൻഡ് കൈകോർത്തിട്ടുണ്ടെന്ന് ശ്രീധർ ബാലകൃഷ്ണൻ പറഞ്ഞു


